بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്‌ബ സംഗ്രഹം 24.03.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

*യു.കെയിലെ മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.*

## വാഗ്ദത്ത മഹ്ദി മസീഹിന്റെ സത്യതക്കുള്ള അടയാളങ്ങൾ

اَشۡهَدُ اَنۡ لَّآ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡکَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ○ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ○ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ○ اَلرَّحۡمٰنِ الرَّحِيۡمِ ○ مٰلِكِ يَوۡمِ الدِّيۡنِ ○ اِيَّاکَ نَعۡبُدُ وَاِيَّاکَ نَسۡتَعِيۡنُ ○ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ○ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ○

هُوَ الَّذِیۡ بَعَثَ فِی الۡاُمِّیّٖنَ رَسُوۡلًا مِّنۡهُمۡ یَتۡلُوۡا عَلَیۡهِمۡ اٰیٰتِهٖ وَ یُزَکِّیۡهِمۡ وَ یُعَلِّمُهُمُ الۡکِتٰبَ وَ الۡحِکۡمَةَ ٭ وَ اِنۡ کَانُوۡا مِنۡ قَبۡلُ لَفِیۡ ضَلٰلٍ مُّبِیۡنٍ ۝ وَّ اٰخَرِیۡنَ مِنۡهُمۡ لَمَّا یَلۡحَقُوۡا بِهِمۡ ؕ وَ هُوَ الۡعَزِیۡزُ الۡحَکِیۡمُ ۝

ഈ ആയത്തിന്റെ അർഥം: അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ അവരിൽ നിന്ന് ഉള്ള ഒരു ദൂതനെ എഴുന്നേൽപ്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചു കേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതിനു മുമ്പ് അവർ സ്പഷ്ടമായ വഴികേടിൽ ആയിരുന്നുവെങ്കിലും. അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത അവരിൽ നിന്നുള്ള മറ്റൊരു ജനതയിലും അവൻ ദൂതനെ എഴുന്നേൽപ്പിക്കുന്നതാണ്. അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു.

മാർച്ച് 23 അഹ്മദിയ്യാ ജമാഅത്തിൽ മസീഹ് മൗഊദ് ദിനം എന്ന നിലയിലാണ് അറിയപ്പെടുന്നത്. അല്ലാഹുവിന്റെ വാഗ്ദാന പ്രകാരവും തിരുനബി(സ)യുടെ പ്രവചന പ്രകാരവും അല്ലാഹു അയച്ച കാലത്തിന്റെ ഇമാമായ ഹദ്റത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കാനുള്ള തൗഫീഖ് ലഭിച്ചതിൽ നാം സൗഭാഗ്യവാൻമാരാകുന്നു. 1889 മാർച്ച് 23 ന് ലുധിയാനയിൽ വെച്ച് അദ്ദേഹം സാത്വികരുടെ കയ്യിൽ നിന്ന് ബൈഅത്ത് വാങ്ങി ഒരു ജമാഅത്ത് സ്ഥാപിക്കപ്പെട്ടു. ഞാൻ ഓതിയ വിശുദ്ധ ഖുർആനിലെ സൂറഃ ജുമുഅഃയിലെ ആയത്തിൽ നബി(സ)യുടെ സത്യപ്രേമിയുടെ ആഗമനത്തെക്കുറിച്ചും അദ്ദേഹം മുഖേന സ്ഥാപിതമാകാൻ പോകുന്ന ജമാഅത്തിനെ കുറിച്ചും അറിയിപ്പ് നൽകപ്പെട്ടു. ഇതുകൂടാതെ മസീഹ് മൗഊദിന്റെ ആഗമനത്തെ കുറിച്ച് വിശുദ്ധ ഖുർആനിലും ഹദീസുകളിലും പ്രവചനങ്ങൾ ഉണ്ട്. ഇപ്പോൾ ഞാൻ സൂറഃ ജുമുഅഃയിലെ ഈ ആയത്തിനെ കുറിച്ചുള്ള വിശദീകരണവും അദ്ദേഹം വരുന്ന കാലഘട്ടത്തെ കുറിച്ച് വിവരിക്കപ്പെട്ട പല അടയാളങ്ങളെയും മറ്റു പ്രവചനങ്ങളെ കുറിച്ചും ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ വാദം എന്തായിരുന്നു എന്നതിനെ കുറിച്ചെല്ലാം ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ ചുരുക്കി വിവരിക്കുന്നതാണ്.

ഈ ആയത്തിന്റെ രത്നച്ചുരുക്കം ഇതാകുന്നു, ജനങ്ങൾ ജ്ഞാനാനത്തിൽ നിന്നും യുക്തിയിൽ നിന്നും അകന്നിരിക്കുകയും മനുഷ്യന്റെ പരിപൂർണതക്ക് അനിവാര്യമായ ധാർമ്മിക യുക്തികളുടെ അറിവും മനുഷ്യ മനസ്സുകൾ വൈജ്ഞാനികവും കർമ്മപരവുമായ പൂർണതയിൽ എത്താനുള്ള കാര്യങ്ങളിൽ നിന്ന് അകറ്റപ്പെടുകയും ചെയ്ത സമയത്ത് തന്റെ റസൂലിനെ അല്ലാഹു നിയമിച്ചു. ആ റസൂൽ അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും ഗ്രന്ഥവും തത്വജ്ഞാനവും നൽകുകയും ചെയ്തു. അതായത് അടയാളങ്ങളും അത്ഭുതങ്ങളും മുഖേന സുദൃഢജ്ഞാനത്തിന്റെ തലം വരെ എത്തിക്കുകയും ചെയ്തു. തുടർന്ന് പറയുന്നു. ഇനി അവസാന കാലഘട്ടത്തിൽ വെളിപ്പെടുന്ന ഒരു വിഭാഗം കൂടിയുണ്ട്. അവരും ആദ്യം അന്ധകാരത്തിലും വഴികേടിലും ആയിരിക്കും. അപ്പോൾ അല്ലാഹു അവർക്കും സഹാബാക്കളുടെ വർണം നൽകും. എത്രത്തോളമെന്നാൽ അവരുടെ സത്യസന്ധതയും ദൃഢബോധ്യവും സഹാബാക്കളുടേതുപോലെ ആയിത്തീരും. സഹീഹായ ഹദീസുകളിൽ പറയുന്നു: തിരുനബി(സ) ഈ ആയത്ത് വിശദീകരിക്കുമ്പോൾ സൽമാൻ ഫാരിസിയുടെ ചുമലിൽ കൈവെച്ച് കൊണ്ട് പറഞ്ഞു: *ലവ് കാനൽ ഈമാനു മുഅല്ലഖൻ ബിസ്സുരയ്യാ ലനാ ലഹൂ റജുലു(ൻ)മ്മിൻ ഫാരിസ്.* അതായത് വിശ്വാസം സുരയ്യയിലേക്ക് അഥവാ ആകാശത്തേക്ക് കയറിയാലും ഒരു ഫാർസി വംശജനായ വ്യക്തി അതിനെ തിരികെ കൊണ്ടുവരുന്നതാണ്.

വിശുദ്ധ ഖുർആൻ ആകാശത്തേക്ക് ഉയർത്തപ്പെട്ടിരിക്കും എന്ന് പറഞ്ഞ ആ കാലഘട്ടം തന്നെയാണ് വാഗ്ദത്ത മസീഹിന്റെ കാലഘട്ടം. ഈ ഫാർസി വംശജന്റെ പേര് തന്നെയാണ് മസീഹ് മൗഊദ് എന്നതും.

ഈ ആയത്തിന്റെ അർഥം ഇപ്രകാരമാണ്, വഴികേടിന്റെ പാരമ്യത്തിന് ശേഷം സന്മാർഗവും യുക്തിജ്ഞാനവും കരസ്ഥമാക്കുകയും തിരുനബി(സ)ന്റെ അത്ഭുതങ്ങളും അനുഗ്രഹങ്ങളും കാണുകയും ചെയ്തിട്ടുള്ളവർ രണ്ടു കൂട്ടരാകുന്നു. ഒന്ന് തിരുനബി(സ)യുടെ സഹാബാക്കൾ. രണ്ടാമത്തെ കൂട്ടർ സഹാബാക്കളെ പോലെയുള്ള മസീഹ് മൗഊദ്(അ)ന്റെ സംഘം ആകുന്നു. കാരണം ഇവരും സഹാബാക്കളെ പോലെ നബി(സ) യുടെ അത്ഭുതങ്ങൾ കാണുന്നവരാണ്. ചുരുക്കത്തിൽ അങ്ങനെ തന്നെയാണ് സംഭവിച്ചതും. നബി(സ)ന് പതിമൂന്ന് നൂറ്റാണ്ടിന് ശേഷം അത്ഭുത ദൃഷ്ടാന്തങ്ങളുടെ കവാടം തുറക്കപ്പെട്ടു. ജനങ്ങൾ തങ്ങളുടെ കണ്ണുകൾകൊണ്ട് ദാറുൽ ഖുത്നി ഹദീസിലും ഇബ്നു ഹജറിന്റെ ഫതാവായിലും ഉള്ളത് പോലെ റമദാനിൽ സൂര്യചന്ദ്രഗ്രഹണങ്ങളെ തങ്ങളുടെ കണ്ണുകൾ കൊണ്ട് ദർശിച്ചു. (ഈ ഒരവസ്ഥ ആകാശ ഭൂമികൾ സൃഷ്ടിക്കപ്പെട്ടത് മുതൽ ഉണ്ടായിട്ടില്ല. മാത്രമല്ല ആർക്കും തന്നെ ചരിത്ര താളുകളിൽനിന്ന് അതിന് സമാനമായത് സമർപ്പിക്കാനും തെളിയിക്കാനും കഴിഞ്ഞിട്ടില്ല.) മാത്രമല്ല വാഗ്ദത്ത മഹ്ദി മസീഹിന്റെ കാലത്ത് വിവരിക്കപ്പെട്ടിട്ടുള്ള വാൽനക്ഷത്രത്തെയും ആയിരക്കണക്കിന് ആളുകൾ ദർശിക്കുകയുണ്ടായി. അത് പോലെ തന്നെ ജാവയിലുള്ള തീയും ലക്ഷക്കണക്കിന് ആളുകൾ കാണുകയുണ്ടായി. അതേപോലെ പ്ലേഗ് പരന്നതിനും ഹജ്ജിൽ നിന്ന് വിലക്കുന്നതിനും എല്ലാവരും ദൃസാക്ഷികളാണ്. രാജ്യത്ത് റെയിൽ തയ്യാറാക്കപ്പെട്ടതും ഒട്ടകങ്ങൾ ഉപേക്ഷിക്കപ്പെട്ടതുമെല്ലാം തിരുനബി(സ)ന്റെ അൽഭുത ദൃഷ്ടാന്തങ്ങൾ ആയിരുന്നു. അതെല്ലാം ഈ കാലഘട്ടത്തിൽ സഹാബാക്കൾ മുഅജിസത്തുകൾ കണ്ടത് പോലെ കാണപ്പെടുകയുണ്ടായി. അതുകൊണ്ടു തന്നെ അല്ലാഹു ഈ അവസാനകാല വിഭാഗത്തെ *മിൻഹും* എന്ന പദം കൊണ്ട് സംബോധന ചെയ്തിരിക്കുന്നു അതായത്, മുഅ്ജിസത്തുകൾ ദർശിക്കുന്ന കാര്യത്തിൽ അവരും സഹാബാക്കളുടെ വർണമുള്ളവരാണ് എന്നതിലേക്ക് ഇത് സൂചന നൽകുന്നു. നിങ്ങൾ ചിന്തിച്ച് നോക്കുക. പതിമൂന്ന് നൂറ്റാണ്ടിനിടയിൽ നുബുവ്വത്തിന്റെ മാർഗത്തിലുള്ള ഇത്തരത്തിലുള്ള കാലം മറ്റാർക്കാണ് കിട്ടിയത്.

നമ്മുടെ ജമാഅത്തിന് പല നിലക്കും സഹാബാക്കളുടേതുമായി താതാത്മ്യം ഉണ്ട്. സഹാബാക്കൾ കണ്ടത് പോലെ ഇവരും മുഅജിസത്തുകളും അല്ലാഹുവിന്റെ അടയാളങ്ങളും പുതുപുത്തൻ സഹായങ്ങളും മുഖേന പ്രകാശവും ദൃഢബോധ്യവും കരസ്ഥമാക്കി. സഹാബാക്കൾ അനുഭവിച്ചത് പോലെ ഇവരും അല്ലാഹുവിന്റെ മാർഗത്തിൽ ജനങ്ങളുടെ പരിഹാസവും ശകാരങ്ങളും പല രീതിയിലുള്ള മനസ്സിനെ ബുദ്ധിമുട്ടിക്കുന്ന കാര്യങ്ങളും ദുർനാക്കുകളും ബന്ധങ്ങൾ മുറിച്ച് മാറ്റുന്നതിന്റെ വേദനകളും സഹിച്ചു. സഹാബാക്കൾ കരസ്ഥമാക്കിയത് പോലെ ഇവരും അല്ലാഹുവിന്റെ വ്യക്തമായ അടയാളങ്ങളും ദൈവീക സഹായങ്ങളും മുഖേന പരിശുദ്ധ ജീവിതം കരസ്ഥമാക്കി. അവയിൽ ഒരുപാട് ആളുകൾ സഹാബാക്കളെ പോലെ നമസ്കാരത്തിൽ കരയുന്നവരും സുജൂദിന്റെ സ്ഥാനങ്ങളെ കണ്ണീരുകൊണ്ട് കുതിർക്കുന്നവരുമാണ്. അവരിൽ നിരവധി പേർ സഹാബാക്കളെ പോലെ സത്യസന്ധമായ സ്വപ്നങ്ങൾ ലഭിക്കുന്നവരും ദൈവീക ഭാഷണങ്ങളാൽ അനുഗ്രഹീതരുമാണ്. (സഹാബാക്കൾ ചിലവഴിച്ചത് പോലെ ഇവരിൽ ഒരുപാട് ആളുകൾ തങ്ങൾ സമ്പാദിച്ച ധനം അല്ലാഹുവിന്റെ തൃപ്തിക്കായി ചിലവഴിക്കുന്നു.)

മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിന് സഹാബാക്കളുടെ ജമാഅത്തുമായുള്ള സാദൃശ്യം പോലെ ഈ ജമാഅത്തിന്റെ ഇമാം പ്രതിച്ഛായ എന്നോണം തിരുനബി(സ)യോട് സാദൃശ്യം ഉണ്ടായിരിക്കും മാത്രമല്ല നബി(സ) വാഗ്ദത്ത മഹ്ദിയുടെ ഗുണവിശേഷമായി പറയുന്നത് അദ്ദേഹത്തിന് നബി(സ)യുമായി സാദൃശ്യം ഉണ്ടായിരിക്കും എന്നാണ്. അതായത് രണ്ടു സാദൃശ്യങ്ങൾ ആ വ്യക്തിത്വത്തിൽ ഉണ്ടായിരിക്കും. ഒന്ന് ഹദ്റത് ഈസാ നബിയുമായി സാദൃശ്യം ഉള്ളത് കൊണ്ട് മസീഹ് എന്ന് വിളിക്കപ്പെടും. രണ്ടാമത്തെ സാദൃശ്യം നബി തിരുമേനി(സ)യുമായിട്ട് ഉള്ളതാണ്. അതുകൊണ്ട് അദ്ദേഹം മഹ്ദി എന്ന് വിളിക്കപ്പെടും.

വാഗ്ദത്ത മഹ്ദീ മസീഹ്(അ) തന്റെ വാദങ്ങളെ സംബന്ധിച്ച് പറയുന്നു: അല്ലാഹു കാലഘട്ടത്തിന്റെ വർത്തമാന അവസ്ഥകളെയും ഭൂമിയിൽ പലതരം ധിക്കാരങ്ങളും പാപങ്ങളും വഴികേടുകളും നിറഞ്ഞത് കണ്ടും മനസ്സിലാക്കിയും എന്നെ സത്യദീനിന്റെ പ്രചാരണത്തിനും നൻമ സ്ഥാപിക്കുന്നതിനും വേണ്ടി അയച്ചിരിക്കുന്നു.

അപ്പോൾ ഞാൻ ദൈവീകമായ കൽപനയെ പ്രവർത്തീകമാക്കികൊണ്ട് പൊതുജനങ്ങൾക്കിടയിൽ ലിഖിതരൂപേണയുള്ള വിളംബരങ്ങളും പ്രഭാഷണങ്ങളും മുഖേന ഈ നൂറ്റാണ്ടിന്റെ തലക്കൽ ദീനിന്റെ പുനരുജ്ജീവനുവേണ്ടി വരേണ്ട വ്യക്തി ഞാൻ തന്നെ ആകുന്നു. അങ്ങനെ ഭൂമിയിൽ നിന്ന് പൊയ്പ്പോയ വിശ്വാസത്തെ വീണ്ടും ഭൂമിയിൽ സ്ഥാപിക്കുന്നതിന് വേണ്ടി വന്നിരിക്കുന്നു.

അന്യരായ ആളുകൾ ആക്ഷേപങ്ങൾ ഉന്നയിക്കുന്നു, അതായത് നിങ്ങൾ തന്നെയാണ് മസീഹ് മൗഊദ് എന്ന് ഞങ്ങൾ എങ്ങനെ അംഗീകരിക്കും. പറയുന്നു: ഇതിനുള്ള മറുപടി എന്തെന്നാൽ വിശുദ്ധ ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നും വാഗ്ദത്ത മസീഹ് വെളിപ്പെടുമെന്ന് പറഞ്ഞ കാലഘട്ടവും രാജ്യവും നാടും കൂടാതെ മസീഹിന്റെ വ്യക്തിത്വത്തിന്റെ അടിസ്ഥാനമായി പറഞ്ഞ പ്രത്യേക കർമ്മങ്ങളും മസീഹ് മൗഊദിന്റെ അടയാളമായി വിവരിക്കപ്പെട്ട ആകാശ ഭൂമികളിൽ നിന്നുള്ള ആപത്തുകളും മസീഹ് മൗഊദിന്റെ പ്രത്യേകതയായി വിവരിക്കപ്പെട്ട അറിവുകളും ദിവ്യജ്ഞാനങ്ങളും എല്ലാം തന്നെ അല്ലാഹു എന്നിലും എന്റെ കാലഘട്ടത്തിലും എന്റെ രാജ്യത്തിലും ഒരുമിച്ച് കൂട്ടിയിരിക്കുന്നു.

പ്രസ്ഥാനത്തിന്റെ പുരോഗതിയെ കുറിച്ച് നേരത്തെ തന്നെ അറിയിപ്പ് തന്നു. ഇന്നേക്ക് 23 വർഷം മുൻപ് ബറാഹീനെ അഹ്മദിയ്യയിൽ ഈ ഇൽഹാം ഉണ്ട്. ജനങ്ങൾ ഈ പ്രസ്ഥാനത്തെ ഇല്ലാതാക്കാൻ ശ്രമിക്കുന്നതാണ്. എല്ലാ കുതന്ത്രങ്ങളും അവർ പ്രയോഗിക്കും. എന്നാൽ അല്ലാഹു ഈ ജമാഅത്തിനെ എല്ലായ്പ്പോഴും സഹായിച്ചുകൊണ്ടിരിക്കുന്നതാണ്. ഇന്നും അത് തുടർന്ന് കൊണ്ടിരിക്കുന്നു.

മറ്റൊരു പ്രവചനം ബറാഹീനെ അഹ്മദിയ്യായിൽ പരാമർശിക്കപ്പെട്ട ദൈവീക അടയാളമാകുന്നു. അല്ലാഹു പറഞ്ഞു: അല്ലയോ അഹ്മദ് സാഹിത്യസമ്പുഷ്ഠതയുടെ അരുവി നിന്റെ അധരങ്ങൾക്ക് നൽകിയിരിക്കുന്നു. അതിന്റെ സാക്ഷ്യം അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ ആകുന്നു. സാഹിത്യ സമ്പുഷ്ഠമായ അറബി ഭാഷയിൽ ഗ്രന്ഥങ്ങൾ രചിച്ച് ആയിരക്കണക്കിന് രൂപയ്ക്ക് വെല്ലുവിളിച്ചുകൊണ്ട് സമർപ്പിക്കുകയുണ്ടായി. എന്നാൽ ആരും തന്നെ തലപൊക്കിയില്ല. ആരും എതിരിൽ മത്സരിക്കാൻ വന്നില്ല.

പിന്നീട് ദുആ സ്വീകാര്യതയുടെ ഒരു സംഭവം അടയാളം എന്ന നിലയിൽ പരാമർശിച്ചുകൊണ്ട് പറയുന്നു: ഹൈദ്രാബാദ് ദക്കിൻ വാസിയായ അബ്ദുർ റഹ്മാന്റെ പുത്രൻ അബ്ദുൽ കരീം പഠനാവശ്യാർഥം ഖാദിയാനിൽ വന്നിരുന്നു. അവനെ പേപിടിച്ച നായ കടിക്കുകയുണ്ടായി. സധ്യമായ ചികിൽസകളെല്ലാം നൽകി ഡോക്ടർമാരെല്ലാം കയ്യൊഴിഞ്ഞപ്പോൾ ആ മഹാത്മാവ് അല്ലാഹുവിനോട് വേദനയോടുകൂടി ദുആ ചെയ്തു. തദവസരത്തിൽ അവനുവേണ്ടി അല്ലാഹുവിൽ നിന്നുള്ള സ്വീകാര്യതയുടെ അവസ്ഥ സംജാതമായി. ദുആയുടെ പ്രഭാവത്താൽ പെട്ടെന്ന് ആ രോഗിയുടെ അവസ്ഥയിൽ മാറ്റം വരാൻ തുടങ്ങി. ഏതാനും ദിവസങ്ങൾക്കുള്ളിൽ പൂർണ ആരോഗ്യവാനാകുകയും ചെയ്തു.

ഹുസൂർ ദൈവീക പിന്തുണയുടെ അടയാളങ്ങളെ പരാമർശിച്ചുകൊണ്ട് അമേരിക്കയിലെ ഡോക്ടർ അലക്സാണ്ടർ ഡ്യൂയി, മൗലവി ഗുലാം ദസ്തഗീർ ഖസൂരി, ചിരാഗ് ദീൻ ജമൂനി എന്നിവരുടെ ഉദാഹരണങ്ങൾ സമർപ്പിച്ചു.

ഇന്നത്തെ മുസ്‌ലിംകൾ വരാനുള്ള മഹ്ദി വന്നു എന്നും നബി(സ)ന്റെ സത്യപ്രേമിയും ഭക്തദാസനും ഇദ്ദേഹമാണ് എന്നും മനസ്സിലാക്കുകയും അദ്ദേഹത്തിന്റെ ബൈഅത്തിൽ പ്രവേശിക്കേണ്ടത് നബി(സ)ന്റെ കല്പന അനുസരിച്ച് അനിവാര്യമാണെന്ന് തിരിച്ചറിയുകയുമാണെങ്കിൽ മുസ്‌ലിംകൾക്ക് ലോകത്ത് തങ്ങളുടെ മേൻമ ഒരിക്കൽ കൂടി സ്ഥാപിക്കാൻ കഴിയുന്നതാണ്. അതല്ലെങ്കിൽ ഇപ്പോഴുള്ള അവസ്ഥ തുടരുന്നതാണ്. (അല്ലാഹു അവർക്ക് ബുദ്ധിയും ബോധവും നൽകുമാറാകട്ടെ.)

റമദാൻ മാസത്തിൽ അഹ്മദികൾ തങ്ങൾക്ക് വേണ്ടിയും ജമാഅത്തിനെ എല്ലാ ഫിതനയിൽ നിന്നും രക്ഷപ്പെടുത്താൻ വേണ്ടിയും ദുആ ചെയ്യുന്നതോടൊപ്പം മുസ്‌ലിം ഉമ്മത്തിന് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരുടെ കണ്ണുകൾ തുറക്കുകയും അന്ധകാരത്തിൽ നിന്ന് പുറത്തേക്ക് കൊണ്ടുവരുകയും തിരുനബി(സ)ന്റെ ഖത്തമുനുബുവ്വത്തിന്റെ സ്ഥാനം ശരിയായ രീതിയിൽ മനസ്സിലാക്കുന്നത് വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)ഉം അദ്ദേഹത്തിന്റെ ജമാഅത്തും ആണെന്ന് ഇവർക്ക് തിരിച്ചറിയാനും കഴിയുമാറാകട്ടെ.

പാകിസ്താനിലെ അഹ്മദികൾ പ്രത്യേകമായും തങ്ങളുടെ രാജ്യത്തിന് വേണ്ടി ദുആ ചെയ്യുക.

പാകിസ്താനിലെ അഹ്മദികൾക്ക് വേണ്ടിയും ദുആ ചെയ്യേണ്ടതാണ്. അല്ലാഹു ഫിത്ന ഉണ്ടാക്കുന്നതും പരത്തുന്നതുമായ എല്ലാ നേതാക്കന്മാരുടെ കൈകളിൽ നിന്ന് രാജ്യത്തെ രക്ഷിക്കുമാറാകട്ടെ. അതുപോലെ ബുർക്കിനാ ഫാസോയിലെ അഹ്മദികൾക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവരെ എല്ലാ ശർറിൽ നിന്നും സംരക്ഷിക്കുമാറാകട്ടെ. ബംഗ്ലാദേശിലെ അഹ്മദികൾക്ക് വേണ്ടിയും പ്രത്യേകമായും ദുആകളിൽ ഓർക്കുക. അവിടെയും എല്ലാ ജുമുഅക്കും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. അഹ്മദിയാ ലോകത്തിനു വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു എല്ലാ ശർറിൽ നിന്നും എല്ലാ അഹ്മദികളെയും സംരക്ഷിക്കട്ടെ. എല്ലാ അഹ്മദികൾക്കും സ്ഥൈര്യം നൽകുമാറാകട്ടെ. ഈമാനും യഖീനും വർധിപ്പിക്കുമാറാകട്ടെ.

ലോകത്തെ നാശത്തിൽ നിന്ന് രക്ഷിക്കുന്നതിന് വേണ്ടിയും ദുആ ചെയ്യുക. ഇന്നത്തെ അവസ്ഥയിൽ ലോകം തീചൂളയുടെ വക്കിലാകുന്നു. ഭൗതീക യുദ്ധങ്ങളിലേക്കും നീങ്ങികൊണ്ടിരിക്കുന്നു. അങ്ങനെയും നാശങ്ങൾ വരുന്നതാണ്. ധാർമ്മീക മൂല്യച്യുതിയും പാരമ്യത്തിൽ എത്തിയിരിക്കുന്നു. അല്ലാഹുവിനെ ഒഴിവാക്കികൊണ്ടിരിക്കുന്ന കാരണത്താൽ ഇവർ അല്ലാഹുവിന്റെ കോപത്തെ വർധിപ്പിക്കുമാറാകാതിരിക്കട്ടെ. അങ്ങനെ അല്ലാഹുവിന്റെ ശിക്ഷകൾ ഇറങ്ങാതിരിക്കട്ടെ. അല്ലാഹു അഹ്മദികളെ എല്ലാ ശർറിൽ നിന്നും രക്ഷിക്കട്ടെ. അഹ്മദികൾക്ക് തങ്ങളുടെ കടമകളും കർത്തവ്യങ്ങളും പൂർത്തിയാക്കാൻ സൗഭാഗ്യം നൽകുമാറാകട്ടെ. എല്ലാ ആപത്തുകളിൽ നിന്നും രക്ഷിച്ചുകൊണ്ട് തന്റെ സംരക്ഷണവും അഭയവും നൽകുമാറാകട്ടെ.

ഞാൻ ഒരു വിളംബരം കൂടി നടത്താൻ ഉദ്ദേശിക്കുന്നു. അൽഫസൽ ഇന്റർനാഷണൽ ആഴ്ചതോറും മറിച്ച് ആഴ്ചയിൽ രണ്ടു തവണ ഇറങ്ങിയിട്ടുണ്ടായിരുന്നു. ഇന്നലെ മാർച്ച് 23 മുതൽ അത് അൽഫസൽ ദിനപത്രമായി മാറിയിട്ടുണ്ട്. അതുകൊണ്ട് കൂടുതൽ ഉറുദു അറിയുന്നവർ അത് വാങ്ങുകയും വരിക്കാരാകുകയും ചെയ്യേണ്ടതാണ്. അല്ലാഹു ഇതിൽ നിന്ന് അനുഗ്രഹങ്ങൾ എടുക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. അൽഫസലിൽ എഴുതുന്നവർക്കും ഉന്നത തലത്തിലുള്ള ലേഖനങ്ങൾ എഴുതാൻ തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحمَدُهُ وَ نَسْتَعِيْنُهُ وَ نَسْتَغْفِرُهُ وَنُؤْمِنُ بِهِ وَنَتَوَكَّلُ
عَلَيْهِ وَنَعُوْذُ بِاللهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ
يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهُ وَمَنْ يُضْلِلْهُ فَلَا هَادِىَ لَهُ - وَنَشْهَدُ اَنْ لَّا
اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهُ وَرَسُوْلُهُ- عِبَادَاللهِ رَحِمَكُمُ
اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِذِى الْقُرْبٰى وَيَنْهٰى
عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ
اُذْكُرُوْا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرْ-

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarack U.K. – on 24.03.2023

Malayalam Translation & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516